**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 178** **07-10-2024 - ൽ മറുപടിയ്ക്ക്**

**ദ്വീപുകളുടെ വികസനരഹിത മേഖലയിലെ ഇളവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2011 -ലെ സി.ആർ.ഇസഡ് വിജ്ഞാപനപ്രകാരം ദ്വീപുകളുടെ വികസനരഹിതമേഖല എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | 2011 -ലെ സി.ആർ.ഇസഡ് വിജ്ഞാപനപ്രകാരം ദ്വീപുകളുടെ വികസനരഹിതമേഖല 50 മീറ്ററാണ്. |
| (ബി) | 2019 -ലെ വിജ്ഞാപനപ്രകാരം ദ്വീപുകളുടെ വികസനരഹിതമേഖലയിൽ ഇളവുകൾ നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ദ്വീപുകൾക്ക് ലഭ്യമാക്കുന്ന ഇളവുകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | 2019 വിജ്ഞാപന പ്രകാരം ദ്വീപുകളുടെ വികസന രഹിത മേഖല 20 മീറ്ററായി കുറച്ചിട്ടുണ്ട്. |
| (സി) | ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജ്മെന്റ് പ്ലാനിന് അംഗീകാരം ലഭിക്കുന്നതോടെ 2011 -ലെയും 2019 -ലെയും വിജ്ഞാപനങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള വികസനരഹിത മേഖലകൾക്ക് കൂടുതലായി ലഭിക്കുന്ന ഇളവുകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (സി) | 2019 വിജ്ഞാപന പ്രകാരം ദ്വീപുകളുടെ വികസന രഹിത മേഖല 20 മീറ്ററായി കുറച്ചിട്ടുണ്ട്. ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജ്മെന്റ് പ്ലാനിന് അംഗീകാരം ലഭിക്കുന്നതോടെ ഈ ഇളവ് സംസ്ഥാനത്ത് ലഭ്യമാകുന്നതാണ്. |
| (ഡി) | 2019 -ലെ വിജ്ഞാപനത്തിൽ 66 പഞ്ചായത്തുകളിലെ വികസനരഹിത മേഖലയ്ക്ക് ലഭിക്കുന്ന ഇളവുകൾ തന്നെയാണോ ദ്വീപുകളിലെ പഞ്ചായത്തുകൾക്കും ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജ്മെന്റ് പ്ലാൻ (IIMP) ൽ ഉൾപ്പെട്ട എല്ലാ ദ്വീപുകൾക്കും ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജ്മെന്റ് പ്ലാൻ (IIMP) പ്രകാരമുള്ള 20 മീറ്റർ ദൂരപരിധി ലഭ്യമാകുന്നതാണ്. |
| (ഇ) | 14.08.2024 -ലെ മന്ത്രിസഭായോഗത്തിൽ ദ്വീപുകളെ സംബന്ധിച്ച് ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി വാങ്ങിയശേഷം ദ്വീപുകളുടെ വികസനരഹിതമേഖല 50 മീറ്ററിൽ നിന്നും 20 മീറ്ററായി കുറയ്ക്കാം എന്ന തീരുമാനത്തിലൂടെ ദ്വീപുകളുടെ നിലവിലെ വികസനരഹിത മേഖല 50 മീറ്റർ ആണ് എന്നല്ലേ വ്യക്തമാകുന്നത്; | (ഇ) | നിലവിൽ സംസ്ഥാനത്ത് 2011 സി.ആർ.ഇസഡ് വിജ്ഞാപനമാണ് ബാധകമായിട്ടുള്ളത്. ഇതിനാൽ ദ്വീപുകളുടെ ദൂരപരിധി 50 മീറ്ററാണ്. 2019 വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജ്മന്റ് പ്ലാനിന് അംഗീകാരം ലഭിയ്ക്കുന്ന മുറയ്ക്ക് വികസന രഹിത മേഖല 20 മീറ്ററായി കുറയുന്നതാണ്. ടി ഇളവുകൾ തീരദേശ മേഖലയിലെ എല്ലാ പഞ്ചായത്തുകളിലെയും ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജ്മെന്റ് പ്ലാൻ (IIMP) പ്രകാരം ഉൾപ്പെട്ടിട്ടുള്ള ദ്വീപുകൾക്ക് ലഭിയ്ക്കുന്നതാണ്. |

| | | | |
|---|---|---|---|
| (എഫ്) | അങ്ങനെയെങ്കിൽ ഇളവുകൾ ലഭ്യമാകുന്ന 66 പഞ്ചായത്തുകളുടെ കൂടെ ദ്വീപുകളിലെ പഞ്ചായത്തുകളെ ഉൾപ്പെടുത്തേണ്ട ആവശ്യം ഉണ്ടോ; വിശദമാക്കാമോ? | (എഫ്) | നിലവിൽ സംസ്ഥാനത്ത് 2011 സി.ആർ.ഇസഡ് വിജ്ഞാപനമാണ് ബാധകമായിട്ടുള്ളത്. ഇതിനാൽ ദ്വീപുകളുടെ ദൂരപരിധി 50 മീറ്ററാണ്. 2019 വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജ്മന്റ് പ്ലാനിന് അംഗീകാരം ലഭിയ്ക്കുന്ന മുറയ്ക്ക് വികസന രഹിത മേഖല 20 മീറ്ററായി കുറയുന്നതാണ്. ടി ഇളവുകൾ തീരദേശ മേഖലയിലെ എല്ലാ പഞ്ചായത്തുകളിലെയും ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജ്മെന്റ് പ്ലാൻ (IIMP) പ്രകാരം ഉൾപ്പെട്ടിട്ടുള്ള ദ്വീപുകൾക്ക് ലഭിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ